## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### കടുത്തുരുത്തി മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡ് നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3003 — 20.06.2014 ൽ മറുപടിക്ക്

ചോദ്യം. — ഉത്തരം.

| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡായ മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | ഫോർമേഷൻ പ്രവൃത്തിയും സംരക്ഷണഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | 2009-ൽ ഏറ്റെടുത്ത പണി നാളിതുവരെയായി മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ ഫെയ്സ് VI ൽ പാക്കേജ് നം.കെ.ആർ 07-15 (C) യിൽ ഉൾപ്പെട്ട മൂർക്കാട്ടിൽപടി, കാരിക്കോട് സൗത്ത് റോഡ്, 22.12.2009-ൽ വിമാതാ കൺസ്ട്രക്ഷനുമായി കരാർ ഉറപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തി പുരോഗമിക്കുന്ന വേളയിൽ പ്രവൃത്തി സ്ഥലത്തുള്ള ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ ഡിപ്പാർട്ട്മെന്റുകളുടെ യൂട്ടിലിറ്റികൾ മാറ്റുന്നതിന് കാലതാമസം നേരിട്ടതിനാൽ പണി പൂർത്തിയാക്കുവാൻ സാധിച്ചില്ല. അതുകൊണ്ട് കരാറുകാരൻ അദ്ദേഹത്തെ കരാറിൽ നിന്നും ഒഴിവാക്കി കൊടുക്കണമെന്നും അല്ലെങ്കിൽ 55% അധികതുക നൽകിയാൽ പ്രവൃത്തി പൂർത്തീകരിക്കാമെന്നും രേഖാമൂലം അറിയിച്ചു. എന്നാൽ 25.10.2012ൽ കേരള വാട്ടർ അതോറിറ്റി അവരുടെ പൈപ്പ്ലൈൻ മാറ്റിയതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (സി) | മൂർക്കാട്ടിൽപടി റോഡിനെ സംബന്ധിച്ച് എൽ.എസ്.ജി.ഡി./ഡി.ഡി1/3879/2013 എന്ന ഫയലിൽ തീരുമാനമെടുക്കുവാൻ വൈകുന്ന | (സി) | 19.04.2013ലെ സ്റ്റാൻഡിംഗ് എംപവേർഡ് കമ്മിറ്റിയുടെ നം.ഡി.ബി.1/2009/13/സി.ഇ/എൽ.എസ്.ജി.ഡി ഓർഡർ പ്രകാരം ശേഷിക്കുന്ന പ്രവൃത്തികൾക്ക് |

| | | | |
|---|---|---|---|
| | തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ കെ.എസ്. എസ്. ആർ.ഡി.എ. യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള തീരുമാനം വേഗത്തിലാക്കി റോഡുപണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | 2010 ഷെഡ്യൂൾ ഓഫ് റേറ്റ് നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ മേൽപ്പറഞ്ഞ തീരുമാനം അംഗീകരിക്കുന്നില്ലായെന്ന് 09.11.2013ലെ കത്ത് പ്രകാരം കരാറുകാരൻ അറിയിച്ചു. തുടർന്ന് 13.11.2013ലെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സ് അനുസരിച്ച് സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുവാൻ കരാറുകാരൻ വിസമ്മതിച്ചതിനാൽ ടി കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു. കരാറിലെ നിബന്ധനകൾ പ്രകാരം ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി തീരുമാനത്തിനെതിരെ കരാറുകാരൻ 18.11.2013ൽ ബഹു.ഗ്രാമവികസനവകുപ്പ് മന്ത്രിയ്ക്ക് അപ്പീൽ പെറ്റീഷൻ സമർപ്പിച്ച പ്രകാരം 20.03.2014ൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് കൂടിയ മീറ്റിംഗിൽ ആവശ്യപ്പെട്ട വസ്തുതകൾ കെ.എസ്. ആർ.ആർ.ഡി.എ. ഓഫീസിൽ നിന്നും 19.05.2014, 17.06.2014 എന്നീ തീയ്യതികളിലെ നം.ഇ.എൻ.ജി.ജി/ ഡി.ബി 2/295/2009/കെ.എസ്.ആർ.ആർ. ഡി.എ 18.06.2014 ൽ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ